## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3176 | 13.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമ പെൻഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ഡി. പ്രസേനൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് ക്ഷേമ പെൻഷൻ ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് പറയാമോ; | (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ ലഭ്യമാക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം 4058272 ആണ്. |
| (ബി) | ഗുണഭോക്താക്കളുടെ എണ്ണം വിവിധ മേഖലകൾ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കർഷക തൊഴിലാളി പെൻഷൻ- 491432<br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 1930142<br>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 349171<br>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 1211328<br>50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ- 76199<br>ആകെ - 4058272 |
| (സി) | ഗുണഭോക്താക്കളുടെ പട്ടികയുടെ കൃത്യത പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പെൻഷൻ അപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിച്ചതിന് ശേഷം വിവരങ്ങൾ പെൻഷൻ വിവരശേഖരണത്തിനായുള്ള സേവന വെബ്സൈറ്റിലേയ്ക്ക് നൽകുന്നു. കൂടാതെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൂടുതൽ ആധികാരികമാക്കാൻ സത്യവാങ്ങ്മൂലം എല്ലാ ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച് രേഖപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ